**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 690.** **28.09.2016 ന് മറുപടിയ്ക്ക്**

**വിദ്യാലയ പരിസരങ്ങളിലെ മയക്കമരുന്ന് വ്യാപാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂൾ, കോളേജ് പരിസരങ്ങളിലെ ബേക്കറികൾ, ജ്യൂസ്/ഐസ്ക്രീം പാർലറുകൾ എന്നിവ കേന്ദ്രീകരിച്ച് മയക്ക് മരുന്നുവ്യാപാരം നടക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിവിധ വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്ക് മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉപഭോഗവും നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് കർശന പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ളവയുടെ പരിസരത്ത് മയക്ക് മരുന്നും, മയക്ക് മരുന്ന് ചേർത്ത വിഭവങ്ങളും വില്പന നടത്തുന്നത് നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥരുടെ സഹായത്തോടെ തന്നെയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മയക്ക് മരുന്നുവ്യാപാരം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മയക്കുമരുന്ന് വ്യാപാരം നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**